# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2953 — 18/06/2019-ൽ മറുപടിക്ക്

## ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ഘടനാമാറ്റം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, എം. വിൻസെന്റ്**<br>**,, അൻവർ സാദത്ത്**<br>**,, എ.പി. അനിൽ കുമാർ** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ദേശീയ വിദ്യാഭ്യാസ കമ്മീഷൻ ഡോ. ഡി.എസ്.കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളും ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളും തമ്മിലുള്ള വൈരുദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് എപ്രകാരം മറികടക്കുവാനാണ് ഉദ്ദേശിക്കുന്നത്; | എ) ഡോ. ഡി.എസ്.കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളും പരിഗണിച്ചാണ് ഖാദർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. |
| ബി) ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ഘടനാമാറ്റം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമായ തരത്തിലുള്ളതാകയാൽ മറ്റ് സംസ്ഥാനങ്ങളിൽ പഠനത്തിന് പോകുന്ന വിദ്യാർത്ഥികളെ അത് എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) നിലവിൽ അംഗീകരിച്ച ഘടനാമാറ്റം കൊണ്ട് സ്കൂളിനെ ഒരു യൂണിറ്റായി മാറ്റി കുട്ടികളുടെ ശരിയായ പഠനത്തിനും വികസനത്തിനും അനുഗുണമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുകയാണ് ചെയ്തിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് ഘടനാമാറ്റം യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കുകയില്ല. |
| സി) കലാകായിക അദ്ധ്യാപക നിയമനത്തിലെ ക്ലസ്റ്റർ സംവിധാനം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ലംഘനമായതിനാൽ അക്കാര്യം പരിശോധിക്കുമോ; | സി) കുട്ടികൾക്ക് ശാസ്ത്രീയമായ കലാകായിക പരിശീലനം നൽകുന്നതിന് യോഗ്യരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

ഡി) ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതോടുകൂടി ഒരു സ്കൂളിൽ രണ്ട് അധികാര കേന്ദ്രങ്ങൾ ഉണ്ടാകുന്നത് കൂടുതൽ പ്രശ്നങ്ങളിലേക്കും തർക്കങ്ങളിലേക്കും നയിക്കുവാൻ സാധ്യതയില്ലേ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

ഡി) വിദ്യാഭ്യാസ സംവിധാനത്തിലെ അടിസ്ഥാന ഘടകമായ സ്കൂളുകളിൽ ഒരു സ്ഥാപന മേധാവി മാത്രമേ ഉണ്ടാകുകയുള്ളൂ. പ്രൈമറി, സെക്കന്ററി, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി എന്നിവ നിലവിലുള്ള സ്കൂളുകളിൽ എല്ലാ വിഭാഗങ്ങളെയും ഏകോപിപ്പിച്ച് സ്ഥാപന മേധാവിയായി ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ പ്രവർത്തിക്കും. നിലവിലെ ഹൈസ്കൂളിലെ എച്ച്.എം. തസ്തിക വൈസ് പ്രിൻസിപ്പലായി പുനഃനാമകരണം ചെയ്ത് നിലവിലെ ചുമതലകൾ തന്നെ നിർവ്വഹിക്കുന്നതാണ്.

ഇ) പ്രൈമറി വിദ്യാഭ്യാസത്തിന്റെയും ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് പ്രത്യേകം ഡയറക്ടറേറ്റുകൾ ഉണ്ടാക്കുന്നതിന് പകരം ഇവയെ ഏകീകരിക്കുന്നത് ഒട്ടും ഗുണകരമാകില്ലായെന്ന വസ്തുത പരിഗണിച്ച് ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് നിർത്തിവയ്ക്കുമോ; വിശദമാക്കാമോ?

ഇ) ഗുണമേന്മേയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വിവിധ ഡയറക്ടറേറ്റുകളുടെ ഏകീകരണം നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. ഏകീകരണവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ട സാഹചര്യം നിലവിലില്ല.

സെക്ഷൻ ഓഫീസർ